(*b*) The State Government have claimed the four Taluks of Southern Travancore *viz.*, Thovala, Agastees-waram, Kalkulam, Vilavancode; the Gudallur Taluk of the Nilgiri District; and the pakuthies of the Shencottah Taluk lying on the western side of the Western Ghats being included in the proposed Kerala State.

അഭ്യസ്തവിദ്യരുടെ എണ്ണം

* 1126. [54] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരുടെ എണ്ണം എത്ര യാണെന്ന് കണക്കു് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരിൽ തൊഴിലില്ലാത്തവർ എത്ര പേരുണ്ടു് ;

(സി) കണക്കുകൾ ശേഖരിച്ചിട്ടില്ലെങ്കിൽ അവരുടെ ഒരു സെൻസസ്സു് എടുക്കുന്നതിനുള്ള നടപടി എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) 'എ'യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദ്ഭവിക്കുന്നില്ല.

(സി) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെക്കുറിച്ചു് അന്വേഷിക്കുന്നതിനു് നിയോഗിച്ചിരിക്കുന്ന കമ്മിറ്റിയുടെ അഭിപ്രായം അറിഞ്ഞതിനശേഷം ആലോചിക്കാം.

എൻ. ഇ. സ്കൂൾ ബ്ലോക്കുകൾ.

* 1127 [55] ശ്രീ കെ. നാരായണപ്പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷം എത്ര എൻ. ഇ. സ്കൂൾ ബ്ലോക്കുകൾ ആരംഭിക്കുന്നുണ്ടു് ;

(ബി) ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുത്തിയുള്ള വാഴൂർ ബ്ലോക്കു് അടുത്ത പ്രാവശ്യം ആരംഭിക്കുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാം പഞ്ചവത്സരപദ്ധതി പുതിയതായി ആരംഭിക്കുന്നതോടെ, സംസ്ഥാനത്തു മുഴുവനും, എൻ. ഇ. സ്കൂൾ വ്യാപിപ്പിക്കുമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിൽ ആരംഭിക്കുന്ന ബ്ലോക്കുകളുടെ എണ്ണം ഇൻഡ്യാഗവണ്മെന്റു് നിശ്ചയിക്കുമ്പോൾ മാത്രമേ അറിയുവാൻ നിവൃത്തിയുള്ളൂ.

(ബി) ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly